73 (1617) **കാലിക്കട്ട് സർവ്വകലാശാലയിലെ സെക്യൂരിറ്റി ഗാർഡ് നിയമനം**

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കട്ട് സർവ്വകലാശാലയിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട എക്സ് സർവ്വീസ് മെൻ സെക്യൂരിറ്റിക്കാരുടെ നിയമന രീതിയും സേവന വ്യവസ്ഥകളും എന്തൊക്കെയായിരുന്നു; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) മേൽപ്പറഞ്ഞവിധം നിയമിക്കപ്പെട്ട എക്സ് സർവ്വീസ്മെൻ സെക്യൂരിറ്റിക്കാരെ സെക്യൂരിറ്റിഗാർഡ്മാരായി സ്ഥിരപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) സെക്യൂരിറ്റി ഗാർഡുമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ടോ; നിലവിൽ എത്ര ഒഴിവുണ്ട്;

(ഡി) കൂടുതൽ തസ്തികകൾ പുതുതായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ;

(ഇ) ഒഴിവുകളുടെയെണ്ണവും നിയമിച്ചവരുടെ എണ്ണവും എത്രയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(എഫ്) യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് അനുശാസിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായാണോ പ്രസ്തുത ജീവനക്കാരുടെ തെരഞ്ഞെടുപ്പും നിയമനവും നടത്തിയിട്ടുള്ളത്;

(ജി) ഈ നിയമനങ്ങളിൽ സാമുദായിക സംവരണതത്വം പാലിക്കപ്പെട്ടിട്ടുണ്ടോ;

(എച്ച്) സംവരണതത്വം ലംഘിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ക്രമക്കേടുകൾ നീക്കി നീതിയുക്തമായ രീതിയിൽ സംവരണതത്വങ്ങൾക്കനുസൃതമായി പ്രസ്തുത നിയമനങ്ങൾ സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ നടപടി കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ) ജില്ലാ സൈനിക ബോർഡിൽനിന്നും ലഭിച്ച വിമുക്തഭടൻമാരുടെ പാനലിൽനിന്നും 90 ദിവസത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരാണ് കോഴിക്കോട് സർവ്വകലാശാലയിൽ ജോലി ചെയ്തുവരുന്ന എക്സ് സർവ്വീസ് സെക്യൂരിറ്റിക്കാർ. 90 ദിവസം തികയുന്ന മുറയ്ക്ക് രണ്ടു മൂന്നു ദിവസം കഴിഞ്ഞ് 90 ദിവസത്തേയ്ക്കുകൂടി നിയമിക്കുകയായിരുന്നു പതിവ്. പിന്നീട് രണ്ടോ മൂന്നോ ദിവസത്തെ ഇടവേള നൽകുന്നത് നിർത്തിവച്ചതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. എട്ടുമണിക്കൂർ ജോലിക്ക് ജോലി ചെയ്യുന്ന ദിവസം മാത്രം കണക്കാക്കി പ്രതിമാസം 500 രൂപ നിരക്കിലായിരുന്നു തുടക്കത്തിൽ നിയമനം. ഇപ്പോൾ മാസ നിരക്ക് 1500 രൂപ ആക്കിയിട്ടുണ്ട്. മാസത്തിൽ വേതനത്തോടുകൂടിയ നാല് അവധികളും നൽകിവരുന്നുണ്ട്.

(ബി) ഉണ്ട് എന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. എന്നാൽ തീരുമാനം നടപ്പാക്കിയിട്ടില്ല.

(സി)-(എഫ്) ഒഴിവുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല. ഒരു കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർവ്വകലാശാലയിലെ സെക്യൂരിറ്റി ശക്തിപ്പെ

LIBRARY ARCHIVES Kerala Legislative Assembly

ടുത്തുന്നതിനുള്ള നടപടിയുടെ ഭാഗമായി നിലവിലുള്ള വേക്കൻസികളിൽ എക്സ് സർവ്വീസ് സൈക്യൂരിറ്റിമാരെ ഗാർഡുകളായി താൽക്കാലിക കരാർ അടിസ്ഥാനത്തിൽ നിയമിക്കാൻ സിൻഡിക്കേറ്റ് തീരുമാനിച്ചെങ്കിലും ആയത് നടപ്പാക്കിയിട്ടില്ല.

(ജി) കരാർ അടിസ്ഥാനത്തിലുള്ള നിയമനത്തിന് കെ.എസ്:എസ്. ആർ-ലെ സംവരണ വ്യവസ്ഥകൾ ബാധകമാക്കാറില്ല.

(എച്ച്) നിയമനം നടത്തിയിട്ടില്ല. സംവരണതത്വം പാലിച്ചേ സർവ്വകലാ ശാല നിയമനങ്ങൾ നടത്തുകയുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്.

74 (1618) ജനനത്തീയതി തിരുത്തി ലഭിക്കുന്നതിനുള്ള അപേക്ഷ

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ഗുരുവായൂർ ലിറ്റിൽ ഫ്ളവർ കോളേജ് അദ്ധ്യാപിക ടി.വി. രാധാലക്ഷ്മി അവരുടെ ജനനത്തീയതി തിരുത്തിക്കിട്ടുന്ന തിനായി അപേക്ഷ സമർപ്പിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ അപേക്ഷയിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചി ട്ടുണ്ട്;

(സി) ജനനത്തീയതി എസ്.എസ്.എൽ.സി. ബുക്കിൽ തിരുത്തിക്കിട്ടു ന്നതിനായുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാ ക്കുമോ;

(ഡി) പരീക്ഷാ ഭവനിലെ 1034/ബി 5/96 എന്ന നമ്പർ പ്രകാരമുള്ള ഫയലിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) അപേക്ഷയിൽ പറയുംപ്രകാരം ജനനത്തീയതി എസ്.എസ്. എൽ.സി. സർട്ടിഫിക്കറ്റ് ബുക്കിൽ തിരുത്തുന്നതിനും സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തുന്നതിനും ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരി ക്കുമോ?

<u>ഉത്തരം</u>

(എ) 9-2-1993-ൽ.

(ബി) 9.2.93-ൽ ലഭിച്ച അപേക്ഷയോടൊപ്പമുണ്ടായിരുന്ന രേഖകൾ അപേക്ഷകയുടേയും മറ്റ് സഹോദരീ സഹോദരൻമാരുടേയും ജനന രജി സ്ട്രേഷൻ സർട്ടിഫിക്കറ്റുകളാവശ്യപ്പെട്ടുകൊണ്ട് തിരിച്ചയച്ചിട്ട് പരീക്ഷാ കമ്മീഷണറുടെ ബി2/2777/93 എന്ന ഫയൽ 27.1.94-ൽ തീർപ്പാക്കി. 14.7.95-ൽ അപേക്ഷ വീണ്ടും സമർപ്പിച്ചപ്പോൾ ജനനത്തീയതി തെളിയിക്കുന്നതിന് ജാതകം മാത്രമാണ് സമർപ്പിച്ചത്. ആയതുകൊണ്ട് മതിയായ തെളിവുകൾ ഇല്ല എന്ന കാരണത്താൽ 13.5.95-ൽ കെ.ഡിസ്.2307/95/ബി5 പ്രകാരം ടി അപേക്ഷ നിരസിച്ചു. 20.12.95-ൽ അപേക്ഷക സർക്കാരിന് നൽകിയ അപ്പീൽ പരിഗണിച്ച് 8.10.96-ലെ ജി.ഒ.(ആർ.ടി.) 3260/96/പൊ.വി. ഉത്തരവ് പ്രകാരം കേസ്സ് വീണ്ടും പരീക്ഷാ കമ്മിഷണറുടെ പുനഃപരിശോധനയ്ക്ക് വിട്ടു. അപേ ക്ഷക തമിഴ്നാട്ടിലെ നീലഗിരി ജില്ലയിലെ ഹ്യൂലിക്കനാട് ടൗൺ പഞ്ചായ

LIBRARY ARCHIVES Kerala Legislative Assembly